"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- കേരള ഭൂപരിഷ്കരണ നിയമം 1963, സെക്ഷൻ 81 (1) പ്രകാരം ഭൂപരിധിയിൽ ഇളവ് നേടിയ ഭൂമി തരം മാറ്റിയാൽ, തരം മാറ്റപ്പെട്ട ഭൂമി സെക്ഷൻ 83 പ്രാബല്യത്തിലായ 01.01.1970-ന് ശേഷം ആർജ്ജിച്ചതായി കണക്കാക്കി സീലിംഗ് പരിധിയിൽ ഇളവ് നേടിയ വ്യക്തികളുടെയും ടിയാളുകളുടെ പിന്തുടർച്ചാവകാശികളുടെയും പേരിൽ സീലിംഗ് കേസുകൾ പുനരാരംഭിച്ച് ഭൂപരിധി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി സെക്ഷൻ 128 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.1354/2024/RD തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:-

1. WP(C)31477/2011, 34777/2011, 1037/2012, 30730/2013, 4803/2014, 24119/2014, 29343/2014 കേസുകളിലെ 13/02/2015-ലെ വിധിന്യായം.
2. സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 23/10/2021-ലെ എൽ.ബി.5423/2021/എ3 നമ്പർ സർക്കുലർ.
3. സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 11/08/2023 ലെ എൽ. ബി.എ3/2965/2022 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

1963 ലെ കേരള ഭൂപരിഷ്കരണ നിയമം, ഷെഡ്യൂൾ II ലെ ഒരു വിഭാഗത്തിൽപ്പെട്ട ഭൂമി പ്രസ്തുത ഷെഡ്യൂളിലെ മറ്റൊരുവിഭാഗത്തിലേക്ക് തരംമാറ്റുകയോ, സെക്ഷൻ 81(1) പ്രകാരം ഭൂപരിധിയിൽ ഇളവ് അനുവദിച്ചിട്ടുള്ള ഭൂമി തരം മാറ്റുകയോ ചെയ്യതിനെ തുടർന്ന് ഒരു വ്യക്തിയുടെ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള ഭൂമി, സീലിംഗ് പരിധി അധികരിക്കുകയാണെങ്കിൽ അത്രയും ഭാഗം ഭൂമി, സെക്ഷൻ 83 പ്രാബല്യത്തിലായ തീയതിക്ക് ശേഷം ആർജ്ജിച്ചതായി കണക്കാക്കി ഭൂപരിധി പുനർനിർണ്ണയിക്കണമെന്നാണ് സെക്ഷൻ 87(1) വിശദീകരണം- II വ്യവസ്ഥ ചെയ്തിരിക്കുന്നത്.

2) കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 (1) വകുപ്പ് പ്രകാരം ഭൂപരിധിയിൽ ഇളവ് നേടിയ ഭൂമി തരം മാറ്റിയാൽ തരം മാറ്റിയ അത്രയും ഭൂമി സെക്ഷൻ 83 പ്രാബല്യത്തിലായ 01.01.1970-ന് ശേഷം ആർജ്ജിച്ചതായി കണക്കാക്കി ഭൂപരിധിയിൽ ഇളവ് നേടിയ വ്യക്തികളുടെയും (Declarant) ടിയാളുകളുടെ പിൻതുടർച്ചാവകാശികളുടെയും (Legal heirs) പേരിൽ സീലിംഗ് കേസുകൾ പുനരാരംഭിച്ച് സീലിംഗ് പരിധി പുനർനിർണ്ണയിക്കുന്നതിനും മിച്ചഭൂമി ഏറ്റെടുക്കുന്നതിനുമാണ് നിയമം അനുശാസിക്കുന്നതെന്ന വസ്തുത പരാമർശം (1) വിധിന്യായത്തിൽ ബഹു. ഹൈക്കോടതി വ്യക്തത വരുത്തിയിട്ടുള്ളതാകുന്നു.

3) സെക്ഷൻ 81 (1) പ്രകാരം സീലിംഗ് പരിധിയിൽ ഇളവ് നേടിയ ഭൂമി നിലവിൽ കൈവശം വച്ചിരിക്കുന്നയാൾ ആ ഭൂമി തരം മാറ്റിയോ എന്നും തരം മാറ്റത്തിലൂടെ നിലവിലെ കൈവശക്കാരന്റെ ഭൂപരിധി അധികരിച്ചോയെന്നും അതുവഴി നിലവിലെ കൈവശക്കാരന് മിച്ചഭൂമി ഉണ്ടായോയെന്നുമാണ് താലൂക്ക് ലാൻഡ് ബോർഡുകൾ പരിശോധിക്കേണ്ടത് എന്നുള്ള ലാൻഡ് ബോർഡ് സെക്രട്ടറിയുടെ നിർദേശം ഭൂപരിഷ്കരണ നിയമം സെക്ഷൻ 87 (1) Explanation II നും പരാമർശം 1 വിധിന്യായത്തിനും അനുസൃതമല്ലാത്തതും തെറ്റിധാരണയുണ്ടാക്കുന്നതുമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1963-ലെ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 (1) പ്രകാരം ഭൂപരിധിയിൽ ഇളവ് അനുവദിക്കുന്നത് സെക്ഷൻ 83 പ്രാബല്യത്തിലായ 01.01.1970 തീയതി അടിസ്ഥാനമാക്കിയാകയാൽ അപ്രകാരം ഇളവ് ലഭിച്ച ഭൂമി തരം മാറ്റിയാൽ, തരം മാറ്റിയ അത്രയും ഭൂമി 01.01.1970-ന് ശേഷം ആർജ്ജിച്ചതായി കണക്കാക്കി ഭൂപരിധിയിൽ ഇളവ് നേടിയവർക്കും അവരുടെ പിൻതുടർച്ചക്കാർക്കുമെതിരെയാണ് താലൂക്ക് ലാൻഡ് ബോർഡുകൾ മിച്ചഭൂമി (ceiling case) കേസുകൾ റീ ഓപ്പൺ ചെയ്ത് ഭൂപരിധി പുനർനിർണ്ണയിക്കേണ്ടതും മിച്ചഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും എന്ന വസ്തുത വ്യക്തതവരുത്തി കൊണ്ട് ഭൂപരിഷ്കരണ നിയമം സെക്ഷൻ 128 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Sindhuja K R
Date: 12-06-2024 14:25:07
സെക്ഷൻ ഓഫീസർ

പകർപ്പ്:-

(1) സ്റ്റേറ്റ് ലാൻഡ് ബോർഡ്, തിരുവനന്തപുരം
(2) ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
(3) എല്ലാ ലാൻഡ് ട്രൈബ്യൂണലുകൾക്കും ( സ്റ്റേറ്റ് ലാൻഡ് ബോർഡ് മുഖേന)
(4) താലൂക്ക് ലാൻഡ് ബോർഡ് സോണൽ ഓഫീസ് കോട്ടയം / തൃശ്ശൂർ / മലപ്പുറം / കണ്ണൂർ
(5) ജില്ലാ കലക്ടർ, തിരുവനന്തപുരം /കൊല്ലം / പത്തനംതിട്ട / കോട്ടയം / ഇടുക്കി / ആലപ്പുഴ / എറണാകുളം / തൃശ്ശൂർ /പാലക്കാട്/മലപ്പുറം / കോഴിക്കോട്/വയനാട് /കണ്ണൂർ / കാസർഗോഡ്
(6) റവന്യൂ (എ) വകുപ്പിന്
(7) ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ